| | | | |
|---|---|---|---|
| | | | ഉൾപ്പെടാത്തവരും എന്നാൽ പ്രഥമദൃഷ്ട്യ ദുരിത ബാധിതരെന്ന് കണ്ടെത്തിയവരുമായ രോഗികൾക്ക് എംപാനൽഡ് ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സൗജന്യമായി ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനായി കാസറഗോഡ് ജനറൽ ആശുപത്രിയിൽ സജ്ജീകരിച്ച ഡയാലിസിസ് സെന്ററിൽ മറ്റ് രോഗികൾക്ക് കൂടി സൗജന്യമായി ഡയാലിസിസ് നൽകി വരുന്നുണ്ട്. |
| (സി) | എൻഡോസൾഫാൻ ലിസ്റ്റിൽ ഉള്ളതും പഞ്ചായത്തുകൾക്ക് പുറത്ത് താമസിക്കുന്നതുമായ ദുരിതബാധിതർക്ക് എൻഡോസൾഫാൻ ഇരകൾക്കുള്ള ആനുകൂല്യം നൽകാൻ ആലോചനയുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡം അടിയന്തിരമായി നിശ്ചയിക്കാൻ നിർദ്ദേശം നൽകുമോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും പ്രതിമാസ പെൻഷൻ, സൗജന്യ റേഷൻ, ബി.പി.എൽ റേഷൻ കാർഡ്, എംപാനൽഡ് ചെയ്ത 18 ആശുപത്രികളിൽ സൗജന്യമായി വിദഗ്ധ ചികിത്സ, ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി തലം വരെ സ്കോളർഷിപ്പ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തതിൻ പ്രകാരമുള്ള വിഭാഗത്തിൽ ഉൾപ്പെട്ട ദുരിതബാധിതർക്ക് സർക്കാർ ഉത്തരവ് അനുസരിച്ച് നഷ്ടപരിഹാരവും വിതരണം ചെയ്തിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ